14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352 — 21-01-2021 - ൽ മറുപടിയ്ക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2013 ഏപ്രിൽ 1-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നറിയിക്കാമോ; | (എ) | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ഡിസംബർ 31 വരെ, 1,29,663 സർക്കാർ ജീവനക്കാർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ പെൻഷൻ വിഹിതം ജീവനക്കാരിൽ നിന്നും പിടിച്ച് ഏത് അക്കൗണ്ടിലാണ് വകകൊള്ളിക്കുന്നത്; നിലവിൽ അതിൽ എത്ര തുകയുണ്ടെന്നറിയിക്കാമോ; | (ബി) | 06.02.2014-ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്. ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ഡിസംബർ 31 വരെ, 1481.429 കോടി രൂപ സംസ്ഥാന ജീവനക്കാരുടെ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതം ഓരോ വർഷവും സർക്കാർ എത്രയാണ് ഒടുക്കുന്നത്; 2013 മുതൽ 2020 വരെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (സി) | 2013-14 -0.01 കോടി രൂപ 2014-15 -21.96 കോടി രൂപ 2015-16 -68.05 കോടി രൂപ 2016-17 -125.645 കോടി രൂപ 2017-18 -216.815 കോടി രൂപ 2018-19 -293.355 കോടി രൂപ 2019-20 -417.67 കോടി രൂപ |
| (ഡി) | 2018-19, 2019-20, 2020-21 സാമ്പത്തിക | (ഡി) | വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം |

| | | | |
|---|---|---|---|
| | വർഷങ്ങളിൽ പ്രസ്തുത തുക ഒടുക്കുന്നതിനായി ബജറ്റിൽ എത്ര തുക നീക്കിവച്ചു; ഡിമാന്റ് നമ്പരും അക്കൗണ്ട് ശീർഷകവും ഏതെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | | ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തുക കോടിയിൽ | | | | | | | |
|---|---|---|---|---|---|---|---|
| ഡിമാന്റ് നം. | ശീർഷകം | 2018-19 | | 2019-20 | | 2020-21 | |
| | | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ചെലവ് | ബജറ്റ് വിഹിതം | ജനുവരി 18 വരെയുള്ള ചെലവ് (isoft പ്രകാരം) |
| 16 | 2071-01-117-99(NV)-ആൾ ഇന്ത്യ സർക്കാർ ജീവനക്കാർക്കുള്ള ദേശീയ പെൻഷൻ പദ്ധതിയിലേക്ക് ഗവൺമെന്റ് വിഹിതം | 1.14 | 0.92 | 1.20 | 1.14 | 1.20 | 0.98 |
| | 2071-01-117-97(NV)-സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ദേശീയ പെൻഷൻ പദ്ധതിയിലേക്ക് ഗവൺമെന്റ് വിഹിതം | 128.86 | 260.49 | 236.63 | 371.73 | 357.96 | 337.86 |